Reg. No. 

# എൽ.എസ്.എസ്. മാതൃകാ പരീക്ഷ - 2020

## വിളയൂർ ഗ്രാമപഞ്ചായത്ത്

## പരിസരപഠനം

പേപ്പർ – 2 (പാർട്ട് – എ)

Score : 20

---

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഓരോന്നിനും ഓരോ സ്കോർ വീതം**

1. താഴെ കൊടുത്തതിൽ തെറ്റായ പ്രസ്താവന ഏത്?

   a. പുല്ലുവർഗ സസ്യങ്ങൾക്ക് നാരുവേരുപടലമാണ്

   b. തായ്‌വേര് പടലമുള്ള സസ്യങ്ങൾക്ക് ശാഖകൾ ഉണ്ടായിരിക്കും

   c. തായ് വേര് പടലമുള്ള സസ്യങ്ങൾ ഏകബീജപത്ര സസ്യങ്ങളാണ്.

   d. നാരുവേരുപടലമുള്ള സസ്യങ്ങളുടെ ഇലകൾക്ക് സമാന്തര സിരാവിത്യാസമായിരിക്കും

ഉത്തരം :

2. കൂട്ടത്തിൽ പെടാത്തത് ഏത്?

   a. ഗോവ b. പുതുച്ചേരി c. തെലുങ്കാന d. മിസോറം

ഉത്തരം :

3. ഒരു ജീവിക്ക് അതിന്റെ വാസസ്ഥലത്തിന് അനുസരിച്ച് ജീവിക്കാനുള്ള സവിശേഷത യാണ് ....................

   a. പരസ്പരാശ്രയത്വം b. ആവാസവ്യവസ്ഥ c. പരസ്പരബന്ധം d. അനുകൂലനം

ഉത്തരം :

4. അശോകസ്തംഭത്തിൽ പെടാത്ത മൃഗം ഏത്?

   a. കടുവ b. കുതിര c. സിംഹം d. കാള

ഉത്തരം :

5. തേൻ കുരുവിക്ക് ആഹാരസമ്പാദനത്തിനായുള്ള അനുകൂലനം ഏത്?

   a. ഉയരത്തിൽ പറക്കാൻ കഴിയും b. വായുവിൽ ചിറകടിച്ച് നിൽക്കാനുള്ള കഴിവ്

   c. കൂർത്ത നഖങ്ങൾ d. ബലമുള്ള കാലുകൾ

ഉത്തരം :

6. സൂചനകളിൽ നിന്ന് കലാരൂപം കണ്ടെത്തുക?


   a. മിഴാവ് ഉപയോഗിക്കുന്നു. b. ചാരി എന്ന നൃത്തവും വിനോദവും ചേർന്നത്

   c. ഗദ്യപദ്യങ്ങൾ ചൊല്ലി അർത്ഥം പറയും.


ഉത്തരം :

7. ശരിയായത് ഏത്?


a.





b.




c.




d.




ഉത്തരം :

8. 2020 ഫെബ്രുവരി 9 വെളുത്ത വാവാണ് അടുത്ത കറുത്തവാവ് എന്ന്?

ഉത്തരം :

9. മേൽവിലാസക്കാരന് കത്തുകൾ എത്തിക്കുന്നതിന് മണി കിലുക്കി ഓടിയിരുന്ന പണ്ട് കാലത്തെ തപാൽ ജീവനക്കാരൻ?

ഉത്തരം :

10. പ്രഥമശുശ്രൂഷ ദിനം എന്ന്?

ഉത്തരം :

11. a) വായുവിന് സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണ് എന്ന് തെളിയിക്കുന്ന പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക? **(സ്കോർ 3)**

ഉത്തരം :

b. ദ്രാവകത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? (സ്കോർ 2)

12. സ്വാതന്ത്ര്യസമര ചരിത്രത്തിലെ ചില സംഭവങ്ങളുമായി ബന്ധപ്പെട്ട പട്ടികയാണ് താഴെ വിട്ടുപോയ കളങ്ങൾ പൂർത്തിയാക്കൂ? (സ്കോർ 5)

| സംഭവം | വർഷം | സ്ഥലം |
|---|---|---|
| ഉപ്പ് സത്യാഗ്രഹം | - | - |
| ജാലിയൻ വാലാബാഗ് | - | - |
| - | 1942 | - |
| ചമ്പാരൻ സമരം | - | - |
| - | - | മീററ്റ് |

Reg. No.

# എൽ.എസ്.എസ്. മാതൃകാ പരിക്ഷ - 2020

## വിളയൂർ ഗ്രാമപഞ്ചായത്ത്

## ഗണിതം

പേപ്പർ - II (പാർട്ട് - ബി) **Score : 20**

1. അനു 12 സെ.മീ. നീളവും 6 സെ.മീ. വീതിയുമുള്ള ഒരു ചതുരവും, വിനു 10 സെ.മീ. നീളവും 6 സെമീ. വീതിയുമുള്ള മറ്റൊരു ചതുരവും കാർഡ് ബോഡിൽ വെട്ടി യെടുത്തു. **(സ്കോർ 5)**

i. അനു വെട്ടിയെടുത്ത ചതുരത്തിന്റെ ചുറ്റളവെത്ര?

Ans.

ii. വിനു വെട്ടിയെടുത്ത ചതുരത്തിന്റെ ചുറ്റളവെത്ര?

Ans.

iii. ചുറ്റളവുകൾ തമ്മിലുള്ള വ്യത്യാസമെത്ര?

Ans.

iv. രണ്ടു ചതുരവും വീതി തുല്യമാക്കി ചേർത്ത് ഒരു ചതുരമാക്കിയാൽ കിട്ടുന്ന ചതുരത്തിന്റെ ചുറ്റളവെത്ര?

Ans.

v. രണ്ടു ചതുരവും താഴെ കൊടുത്ത രീതിയിൽ ചേർത്ത് വെച്ചാൽ കിട്ടുന്ന രൂപത്തിന്റെ ചുറ്റളവെത്ര?



Ans.

2. നവദീപം ക്ലബ്ബിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി കൂപ്പൺ പിരിവ് നടത്തി. 25 രൂപയുടെ 52 കൂപ്പണും, 50 രൂപയുടെ 22 കൂപ്പണും, 100 രൂപയുടെ 34 കൂപ്പണുമാണ് വിറ്റഴിഞ്ഞത്. ക്യാമ്പിൽ 37 പേരാണ് പേര് രജിസ്റ്റർ ചെയ്തത്. ഒരാൾക്ക് 25 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. 10,700 രൂപയാണ് ആകെ ചെലവായത്. ആകെ വരവ് എത്ര? ബാക്കി തുക ക്ലബ്ബിലെ 5 അംഗങ്ങൾ തുല്യമായി വീതിച്ച് നൽകി എങ്കിൽ ഓരോരുത്തരും എത്ര രൂപ വീതം നൽകണം. **(സ്കോർ 5)**

Ans.

**(3 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് ഓരോന്നിനും ഓരോ സ്കോർ വീതം)**

3. 22:15ന് തൃശൂരിൽ നിന്ന് പുറപ്പെട്ട ഒരു കെ.എസ്.ആർ.ടി.സി. ബസ് കോഴിക്കോട് എത്തിച്ചേർന്നത് 3:10നാണ്. യാത്രക്കെടുത്ത സമയം എത്ര?

a. 19 മണിക്കൂർ 5 മിനുട്ട്
b. 4 മണിക്കൂർ 55 മിനുട്ട്
c. 25 മണിക്കൂർ 5 മിനുട്ട്
d. 4 മണിക്കൂർ 35 മിനുട്ട്

Ans.

4. 25നെ 12 കൊണ്ട് ഗുണിക്കാൻ 25നെ 10 കൊണ്ട് ഗുണിച്ചതിനോട് എത്ര കൂട്ടണം?

a. 25
b. 12
c. 50
d. 37

Ans.

5. 6 സെ.മീ. നീളമുള്ള ഒരു ചതുരത്തിന്റെ അതേ ചുറ്റളവിലുള്ള ഒരു സമചതുരത്തിന് 5 സെ.മീ. വശമുണ്ട്. ചതുരത്തിന്റെ വീതി എത്ര?

a. 4 b. 5 c. 6 d. 11


Ans.


6. 190 നെ സൂചിപ്പിക്കുന്ന റോമൻ സംഖ്യ ഏത് ?


a. CCI b. CXC c. XCD d. CIC


Ans.

7. കൂട്ടത്തിൽ പെടാത്തത് ഏത് ?

A. 

B. 

C. 

D. 

Ans.

8. 3, 6, 9, 8 എന്നീ അക്കങ്ങൾ ആവർത്തിക്കാതെ ഉണ്ടാക്കിയ നാലക്ക സംഖ്യകളിലെ ഏറ്റവും വലുതും ചെറുതുമായ സംഖ്യകൾ തമ്മിലുള്ള വ്യത്യാസം എത്ര ?

Ans.

9. ജൂൺ 1-ാം തിയ്യതി ശനിയാഴ്ചയാണെങ്കിൽ ഈ മാസം എത്ര ഞായറാഴ്ചകൾ ഉണ്ടായിരിക്കും ?

Ans.

10. രവിപുരം ഹൈസ്കൂളിൽ ആകെ 980 കുട്ടികൾ പഠിക്കുന്നുണ്ട്. ആൺകുട്ടികളേക്കാൾ 80 കൂടുതലാണ് പെൺകുട്ടികളുടെ എണ്ണം. എങ്കിൽ ആൺകുട്ടികളുടെ എണ്ണം എത്ര ?

Ans.

11. 3 x 2 x 1 ഇതിലെ എല്ലാ സഖ്യകളും ഇരട്ടിയായാൽ ഉത്തരം എത്ര മടങ്ങാകും ?

Ans. [ ]

12.

| | | |
|---|---|---|
| 212 | = | 5 |
| 323 | = | 8 |
| 434 | = | 11 |
| 545 | = | 14 |
| ---------------------------------- | | |
| ---------------------------------- | | |
| ---------------------------------- | | |
| 989 | = | ? |

Ans. [ ]

Reg. No. 

# എൽ.എസ്.എസ്. മാതൃകാ പരീക്ഷ - 2020

## വിളയൂർ ഗ്രാമപഞ്ചായത്ത്

## ENGLISH

**Paper - 1 (Part - B)** **Score : 10**

I. Make a meaningful word from the given letters. Score 1

a. The boy is ______________________ with toys

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| T | C | A | S | E | F | D | A | N | I |

II. Who am I? Score 1

a. Little Plants sleep in me

farmers saw me in their farm

Water and sunlight ask me to rise

Who am I

Ans.

III. Re-arrange the words Score 1

Study / Class / you / in / do / which /

a. Which class do you study in ?

b. Do you study in which class ?

c. In which class do you study ?

d. Study in which class do you ?

Ans.

IV. Match the following Score 1

| | |
|---|---|
| Splash | Flower |
| Captain | dawn |
| Blossom | Water |
| Day | Boat |

V. Find out the odd one? Score 1

King, Queen, Farmer, prince

Ans.

VI. **Ivan** become the King. One day he heared the song of Nightingale. Then he recollected his old memories. What could be his thoughts ? Score 5

Ans.

Reg. No.

# എൽ.എസ്.എസ്. മാതൃകാ പരീക്ഷ - 2020

## വിളയൂർ ഗ്രാമപഞ്ചായത്ത്

## പൊതുവിജ്ഞാനം

പേപ്പർ –1 (പാർട്ട് – സി.)

Score : 10

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഓരോന്നിനും ഓരോ സ്കോർ വീതം**

1. ആദിവാസി കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് വേണ്ടി കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതി ഏത് ?

Ans.

2. 500 രൂപ നോട്ടിൽ ആലേഖനം ചെയ്ത ചരിത്ര സ്മാരകം ഏത്?

Ans.

3. അസമിലെ പ്രധാന കലാരൂപം ?

Ans.

4. കേരളത്തിലെ ഔദ്യോഗിക ബാങ്ക് ഏത്?

Ans.

5. ഇന്ത്യയിലെ കേന്ദ്രഭരണ പ്രദേശങ്ങളുടെ എണ്ണം എത്ര?

Ans.

6. ഇന്ത്യയുടെ ഇപ്പോഴത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് ആര് ?

Ans.

7. നാടിന്റെ പ്രതിഭകളെ കണ്ടെത്തി ആദരിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതി ഏത് ?

Ans.

8. കേരളത്തിൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കിയത് എന്ന്?

Ans.

9. 2019ൽ ജ്ഞാനപീഠം അവാർഡ് നേടിയ മലയാള കവി ?

Ans.

10. പശ്ചിമഘട്ടത്തിന്റെ നാശത്തെക്കുറിച്ച് പഠനം നടത്തിയ റിപ്പോർട്ട് ഏതാണ് ?

Ans.

Reg. No. [ ]

# എൽ.എസ്.എസ്. മാതൃകാ പരീക്ഷ - 2020

## വിളയൂർ ഗ്രാമപഞ്ചായത്ത്

## മലയാളം

പേപ്പർ –1 (പാർട്ട് – എ) Score : 20

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഓരോന്നിനും ഓരോ സ്കോർ വീതം**

1. കേരളത്തിന്റെ തനത് ശാസ്ത്രീയ ദൃശ്യകലാരൂപം ഏത്?

Ans. [ ]

2. 'ശാരിക പൈതലിൻ മോടി കണ്ടു

മാരുതനും ചെന്നുകൂടി'

ഇതിൽ കാറ്റിനുപകരം ഉപയോഗിച്ചിരിക്കുന്ന പദം ഏത്?

Ans. [ ]

3. 'കേഴുമല്ലോ' പിരിച്ചെഴുതുക ?

Ans. [ ]

4. കേരളത്തിന്റെ ഉപവസന്തം എന്ന് അറിയപ്പെടുന്നത് ?

Ans. [ ]

5. "ചിന്നും വെൺമുകിൽ കേസരം പോലെ

മിന്നും ചിങ്ങത്തെക്കാണുവാൻ മേലേ" ഈ വരികൾ ആരുടേതാണ് ?

Ans. [ ]

**(6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം തന്നിട്ടുള്ളവയിൽനിന്ന് തെരഞ്ഞെടുത്തെഴുതുക. ഓരോന്നിനും ഓരോ സ്കോർ വീതം)**

6. താഴെ കൊടുത്ത പദങ്ങളിൽ ശരിയായി എഴുതിയ പദം എടുത്തെഴുതുക?

തുചം, തുച്ചം, തുച്ഛം, തുച്ചം

Ans. [ ]

7. കൂട്ടത്തിൽ പെടാത്തത് ഏത് ?

ചത്വരം, അജിരം, അങ്കണം, സാഗരം

Ans. [ ]

8. 'അകത്തറുത്താൽ പുറത്തറിയും' ഈ കടങ്കഥയുടെ ഉത്തരം താഴെപറയുന്നവയിൽ ഏതാണ്?

മുല്ല, മാങ്ങ, ചക്ക, തേങ്ങ

Ans.

9. "പത്തായത്തെ പട്ടിണി കിടത്തരുത്" എന്ന ചൊല്ലിന്റെ ആശയം എന്ത്?

a. പത്തായത്തിന് ചോറ് കൊടുക്കണം

b. പത്തായം തുറന്ന് വെക്കണം

c. കൃഷി ചെയ്ത് ധാന്യങ്ങൾ നിറയ്ക്കണം

d. പത്തായം ഒരു മൂലയിൽ ഇടണം.

Ans.

10. 'ഉള്ളത്തിൽ ഭയമേറുകമൂലം

വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു'

ഈ വരികൾ ഏത് കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു. ?

കഥകളി, ചാക്യാർകൂത്ത്, ഒപ്പന, തുള്ളൽ

Ans.

11. കഥ വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക?

**ദൈവത്തിന്റെ കുപ്പായം** - കാരൂർ നീലകണ്ഠപിള്ള

കുട്ടപ്പൻ പുതച്ചിരുന്ന ചാക്കു മാറ്റി പായയിൽ നിന്നും എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങി. തണുപ്പുകൊണ്ട് അവന്റെ താടി കിടുകിടുത്തു. അവൻ മുറിക്കുള്ളിലേക്ക് തിരിച്ചുകേറി. "ചോരയുറഞ്ഞുപോകുന്ന കുളിര് ! കൊറേ നേരം കൂടി കിടക്കട്ടേ."

അമ്മ ആ 8 വയസ്സുള്ള ഏക സന്താനത്തെ വിഷാദത്തോടുകൂടി നോക്കി. അൽപ്പം കഴിഞ്ഞ് "കെടന്നാൽപറ്റൂലല്ലോ" എന്നും പറഞ്ഞ് അവൻ എഴുന്നേറ്റു.

"ഈ മഞ്ഞൊന്നു മാറിയിട്ടു പോയാ മതി മോനേ, വല്ല പനീം പിടിച്ചു നീയും കെടന്നു പോയാൽ....! "

"പനീം മറ്റും പിടിക്കൂലാമ്മേ. തണുപ്പുകൊണ്ട് അസ്ഥികൂടെ നോവുന്നതാ സഹിക്കാൻ മേലാഞ്ഞെ. ഒരു ബനിയൻ മേടിക്കണമെന്നോർത്തിട്ടു പറ്റുന്നില്ലല്ലോ. "

"എന്തു ചെയ്യാനാ ! എത്ര ബനിയൻ മേടിക്കാനുള്ള കാശ് എന്റെ ദീനത്തിനു നീ ചെലവാക്കി ! ഈ പ്രായത്തിലുള്ള കുഞ്ഞിനെയിട്ടു കഷ്ടപ്പെടുത്തണമെന്നാണല്ലോ എന്റെ തലയിലെഴുതിയത് ! " എന്നു പറഞ്ഞപ്പോഴേക്ക് അവളുടെ തൊണ്ടയിടറി.

അവൾക്കെന്നും ദീനമാണ്. പുറത്തെങ്ങും പോകാൻ വയ്യ. കുട്ടപ്പൻ ഓല കൊണ്ടുവന്നു കൊടുത്താൽ അവൾ കുറച്ചു നേരം കുത്തിയിരിക്കുമ്പോൾ ദേഹം മുഴുവൻ വേദനിച്ചിട്ടു പണി നിർത്തും. ഓലയും പായും വിൽക്കാൻ കുട്ടപ്പൻ പോകണം.

a) മഞ്ഞ് എന്ന വാക്കിന് പകരം പദം എഴുതുക (സ്കോർ 1)

Ans.

b) കുട്ടപ്പന് എന്ത് വാങ്ങണം എന്ന ആഗ്രഹമാണ് ഉള്ളത് (സ്കോർ 1)

Ans.

c) കഥയ്ക്ക് ഒരു ആസ്വാദനകുറിപ്പ് എഴുതുക? (സ്കോർ 3)

Ans.

12. കവിതാഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക?

**കുട്ടിയും തള്ളയും**

ഈ വല്ലിയിൽനിന്നു ചെമ്മേ - പൂക്കൾ
പോവുന്നിതാ പറന്നമ്മേ
തെറ്റി ! നിനക്കുണ്ണി ചൊല്ലാം - നൽപ്പൂ
മ്പാറ്റകളല്ലേയിതെല്ലാം
മേൽക്കുമേലിങ്ങിവ പൊങ്ങീ - വിണ്ണിൻ
നോക്കമ്മേ എന്തൊരു ഭംഗി
അയ്യോ ! പൊയ്ക്കൂടിക്കളിപ്പാൻ - അമ്മേ !
വയ്യേയെനിക്കു പറപ്പാൻ.
ആകാത്തതിങ്ങനെ എണ്ണീ - ചുമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണി

(പുഷ്പവാടി) - എൻ. കുമാരനാശാൻ

a) 'മാഴ്കുക' എന്ന പദത്തിന്റെ അർത്ഥം എന്ത്? (സ്കോർ 1)

Ans.

**പൂമ്പാറ്റ**

പൂമ്പാറ്റക്കുട്ട്യോൾടമ്മേ
കുട്ട്യോൾക്ക് ചെറകില്
സ്റ്റിക്കറൊട്ടിച്ചു കൊടുക്കുമ്പോ
നിക്കു തര്വോ ഒരഞ്ചാറെണ്ണം
മാളൂന്റെ പാവാടേലെ
കീറലടയ്ക്കാനാ... (ലതിക മണിശങ്കർ)

ബി) ഒരു കൂട്ടുകാരി എഴുതിയ കവിത വായിച്ചല്ലോ.

എന്തിനാണ് കുട്ടി സ്റ്റിക്കർ ആവശ്യപ്പെട്ടത്? (സ്കോർ 1)

Ans.

സി) മുകളിൽ കൊടുത്ത രണ്ടുകവിതകളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (സ്കോർ 3)

Ans.